4. മൂന്നാർ ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ.

5. റെയ്ഞ്ച് ഫോറസ്റ്റ് റിസോഴ്സ് സർവ്വെ സെൽ, തൃശ്ശൂർ.

(ബി) റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ പരിശീലനത്തിനായി 20 റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. തെലുങ്കാന ഫോറസ്റ്റ് അക്കാദമിയിൽ ട്രെയിനിംഗ് 21-4-2015-നും തമിഴ്നാട് ഫോറസ്റ്റ് അക്കാദമിയിൽ ട്രെയിനിംഗ് 23-11-2015-നും ആരംഭിച്ചിട്ടുണ്ട്. ഫോറസ്റ്റ് റെയ്ഞ്ചേഴ്സ് ട്രെയിനിംഗും പ്രായോഗിക പരിശീലനവും ഉൾപ്പെടെ ട്രെയിനിംഗ് പൂർത്തിയാക്കുവാൻ 30 മാസത്തെ കാലയളവ് വേണ്ടിവരും. റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരെ ട്രെയിനിംഗിന് നിയോഗിച്ചതുമൂലമുണ്ടായ ഒഴിവുകളിൽ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുണ്ട്.

(സി) ഫയർ സീസണിൽ വന പരിപാലനത്തിനായി ആവശ്യമുള്ള റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർ ഇപ്പോൾ വനം വകുപ്പിലുണ്ട്.

(ഡി) വനം വകുപ്പിൽ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

സ്റ്റാഫ് ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം

273 (3785) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ കീഴിലുള്ള സ്റ്റാഫ് ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) തിരുവനന്തപുരത്ത് പി.ടി.,പി. നഗറിൽ വനം വകുപ്പിന്റെ കീഴിലുള്ള സ്റ്റാഫ് ക്വാർട്ടേഴ്സുകൾ എത്രയെണ്ണമുണ്ടെന്ന് വ്യക്തമാക്കുമോ; ഇവ ഏതെല്ലാം വിഭാഗത്തിലുള്ള ജീവനക്കാർക്ക് എത്ര വീതമാണ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ക്വാർട്ടേഴ്സിൽ ഏതെങ്കിലും ക്വാർട്ടേഴ്സ് ഇതര സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് 2015 ആഗസ്റ്റ് വരെ ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുള്ളത് സംവരണ മാനദണ്ഡങ്ങൾ അനുസരിച്ചാണോ; വിശദമാക്കുമോ; സംവരണ മാനദണ്ഡങ്ങൾ അനുസരിച്ചാണെങ്കിൽ ആയതു പ്രകാരം ആർക്കെല്ലാം ഏതെല്ലാം ക്വാർട്ടേഴ്സുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അനുവദിച്ച ക്വാർട്ടേഴ്സുകളിൽ ജീവനക്കാർ താമസിക്കാതെ പൂട്ടിയിട്ടിട്ടുള്ളത് എത്രയെണ്ണമെന്ന് വ്യക്തമാക്കുമോ;

(എഫ്) നിയമം അനുശാസിക്കുന്ന ദൂരപരിധിക്കുള്ളിൽ സ്വന്തമായി വീടുള്ള ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവരെ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വനം വകുപ്പിന്റെ കീഴിലുള്ള സ്റ്റാഫ് ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ " Rules for the Allotment and Occupation of Quarters under the Control of Forest Department" എന്ന ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരമാണ്. പ്രസ്തുത ചട്ടങ്ങളുടെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി* ചേർക്കുന്നു.

(ബി) തിരുവനന്തപുരത്ത് പി.ടി.പി. നഗറിൽ വനം വകുപ്പിന്റെ കീഴിലുള്ള സ്റ്റാഫ് ക്വാർട്ടേഴ്സുകൾ 65 എണ്ണമാണുള്ളത്. ചുവടെ ചേർക്കുന്ന വിഭാഗം ജീവനക്കാർക്കാണ് അവ അനുവദിച്ചിരിക്കുന്നത്:

Type-VI	പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ	03
	അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ	03
	വേക്കന്റ്	01
Type-IV	ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ	01
	അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ	03
	സീനിയർ സൂപ്രണ്ട്	01
	ഹെഡ് അക്കൗണ്ടന്റ്	02
	സീനിയർ ക്ലാർക്ക്	03
	വേക്കന്റ്	01

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Type-III	വൈൽഡ് ലൈഫ് അസിസ്റ്റന്റ്	01
	സീനിയർ സൂപ്രണ്ട്	03
	ജൂനിയർ സൂപ്രണ്ട്	02
	ഫെയർ കോപ്പി സൂപ്രണ്ട്	01
	കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	02
	ഹെഡ് അക്കൗണ്ടന്റ്	01
	വേക്കന്റ്	01
Type-II	യു.ഡി. ടൈപ്പിസ്റ്റ്	02
	ക്ലാർക്ക്	05
	സീനിയർ ക്ലാർക്ക്	11
	ഹെഡ് അക്കൗണ്ടന്റ്	04
	ഡ്രൈവർ	02
	ലീഗൽ അസിസ്റ്റന്റ്	01
	ഫോറസ്റ്റ് ഗാർഡ്	02
	ജൂനിയർ സൂപ്രണ്ട്	01
Type-I	ഓഫീസ് അറ്റൻഡന്റ്	05
	അറ്റന്റർ	02
	ഗാർഡനർ	01
	ആകെ	65

LIBRARY ARCHIVES Kerala Legislative Assembly

(സി) വനം ആസ്ഥാനത്ത് സേവനം അനുഷ്ഠിച്ച ഒരു ലീഗൽ അസിസ്റ്റന്റിന് Type-II ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുണ്ട്. ടിയാൻ മാതൃലാവണത്തിലേയ്ക്ക് (Law Secretariat) 16-10-2015-ൽ മടങ്ങിപ്പോയിട്ടുള്ളതാണ്. അനുവദിച്ച ക്വാർട്ടേഴ്സ് ഒഴിഞ്ഞിട്ടില്ല.

(ഡി) വനം വകുപ്പിന്റെ ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിന് സംവരണ മാനദണ്ഡങ്ങൾ നിലവിലില്ല. സംവരണ വിഭാഗങ്ങൾക്ക് മുൻഗണന കൊടുക്കുന്നതിനാണ് വ്യവസ്ഥയുള്ളത്. ഓരോ കേസിന്റെയും മെരിറ്റിന്റെ അടിസ്ഥാനത്തിൽ ക്വാർട്ടേഴ്സ് അനുവദിച്ച് നൽകാറുണ്ട്.

(ഇ) ഒരെണ്ണം.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കർഷകരുടെ ഭൂമി വനം വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച്

274 (3786) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയോട് ചേർന്നു കിടക്കുന്ന കർഷകരുടെ ഭൂമി വനം വകുപ്പ് ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കർഷകരിൽ നിന്ന് അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് ഭൂമി ഏറ്റെടുക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വനഭൂമിയോട് ചേർന്നുകിടക്കുന്ന എല്ലാ കർഷക ഭൂമിയും സർക്കാർ ഇ.എഫ്.എൽ.ആയി ഏറ്റെടുക്കാറില്ല. എന്നാൽ ഇ.എഫ്.എൽ. ആക്ടിന്റെ സെക്ഷൻ 15 പ്രകാരമുള്ള മാനദണ്ഡമനുസരിച്ച് ഏറ്റെടുക്കാൻ നിർദ്ദേശിച്ചിട്ടുള്ള പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂപ്രദേശങ്ങൾ ഉപദേശക സമിതിയുടെ ശിപാർശ അനുസരിച്ച് സെക്ഷൻ (4) പ്രകാരം ഏറ്റെടുക്കാൻ വ്യവസ്ഥയുണ്ട്.

(ബി) ഇത്തരത്തിൽ ലഭിച്ച ചില ശിപാർശകൾ ഉപദേശക സമിതിയുടെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly